പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 979. 02.12.2015 ന് മറുപടിയ്ക്ക്.

## ഒറ്റപ്പാലം ഐ .ടി .ഐ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. ഹംസ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഐ.ടി.ഐ കൾ പ്രവർത്തിക്കുന്നുണ്ട്; | (എ) ഒന്ന് |
| (ബി) ഒറ്റപ്പാലം കരിമ്പുഴയിൽ ഐ.ടി.ഐ എന്നാണ് ആരംഭിച്ചത് എന്നും കരിമ്പുഴ യിലെ എളമ്പുലാശ്ശേരി ഐ.ടി.ഐ യിൽ ഏതെല്ലാം ട്രെയിഡുകൾ ആണ് നില വിലുള്ളത് എന്നും എത്ര കുട്ടികൾ ഏതെല്ലാം കോഴ്സുകൾക്ക് ചേരുകയുണ്ടായി എന്നും വ്യക്തമാക്കുമോ ; | (ബി) ജി.ഒ (എം.എസ്)നം.67/15/തൊഴിൽ തീയതി 18.06.2015 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായ ത്തിലെ എളമ്പുലാശ്ശേരി ഐ.ടി.ഐ. 2015 ഒക്ടോബർ മാസം 19 ന് പ്രവർത്തനം ആരംഭിച്ചു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളാണ് നിലവിലുള്ളത്. ഈ വിദ്യാഭ്യാസ വർഷം ടി ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 20 പരിശീലനാർ ത്ഥികൾക്കും പ്ലംബർ ട്രേഡിൽ 21 പരിശീലനാർത്ഥി കൾക്കും അഡ്മിഷൻ നടത്തി ക്ലാസുകൾ ആരം ഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത ഐ.ടി.ഐ യിൽ എത്ര അധ്യാപകരെയും അനധ്യാപകരെയും നിയമിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) പ്രസ്തുത ഐ.ടി.ഐ.യിൽ അദ്ധ്യാപക /അനദ്ധ്യാപക തസ്തികകൾ ഒന്നും തന്നെ അനുവദി ച്ചിട്ടില്ല.<br><br>എളമ്പുലാശ്ശേരി ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ അധിക ചുമതല മലമ്പുഴ ഐ.ടി.ഐ. വൈസ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ. യിലെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ ട്രേഡുകളിലേയ്ക്ക് പരിശീലനം നൽകുന്നതിനായി മലമ്പുഴ ഐ.ടി.ഐ. യിലെ ഇൻസ്ട്രക്ടർമാരുടെ സേവനം താൽക്കാലികമായി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ